## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2174 18.12.2012 ൽ മറുപടിയ്ക്ക്

## വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം കൈമാറുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ്; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) നിലവിലുള്ള നിയമപ്രകാരം വൈദ്യുതി കണക്ഷന്റെ ഉടമസ്ഥാവകാശം മാറ്റുന്നതിന് അപേക്ഷകൻ വൈദ്യുതി കുടിശ്ശിക മുഴുവൻ അടച്ചു തീർത്തതിനു ശേഷം 10 രൂപ അപേക്ഷാഫീസും 100 രൂപ പ്രോസ്സസിംഗ് ഫീസും അടച്ച് താഴെപ്പറയുന്ന രേഖകൾ സഹിതം നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ അപേക്ഷിക്കേണ്ടതുണ്ട്.<br>1. കരുതൽ തുക (സി.ഡി/ സെക്യൂരിറ്റി ഡെപ്പോസിറ്റ്) ട്രാൻസ്ഫർ ചെയ്യുന്നതിന് മുൻ ഉടമസ്ഥന്റെ സമ്മതപത്രം.<br>2. പുതിയ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്.<br>3. പുതിയ കംപ്ലീഷൻ സർട്ടിഫിക്കറ്റ് (കണക്ടഡ് ലോഡിൽ മാറ്റം വരുന്ന പക്ഷം മാത്രം).<br>ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

| | |
|---|---|
| (ബി) ഉടമസ്ഥാവകാശം മാറ്റി നൽകാൻ ലൈൻ കടന്നു പോകുന്ന വസ്തു ഉടമയുടെ സമ്മത പത്രവും, വസ്തുവും വീടും വിറ്റ ഉടമയുടെ സമ്മത പത്രവും ആവശ്യമാണോ; എങ്കിൽ ഇതു ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഉടമസ്ഥാവകാശം മാറ്റി നൽകാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) ഉടമസ്ഥാവകാശം മാറ്റി നൽകാൻ ലൈൻ കടന്നു പോകുന്ന വസ്തു ഉടമയുടെ സമ്മത പത്രം ആവശ്യമില്ല. വീടു വിറ്റയാളിന്റെ സമ്മതപത്രം ഉടമസ്ഥാവകാശം മാറ്റാനും കരുതൽ തുക ട്രാൻസ്ഫർ ചെയ്യുന്നതിനും ആവശ്യമാണ്. ഈ സമ്മതപത്രം ലഭ്യമാകാത്തപക്ഷം 100 രൂപ മുദ്രപത്രത്തിൽ, ഉടമസ്ഥാവകാശമാറ്റം കൊണ്ട് ബോർഡിനുണ്ടാകുന്ന നഷ്ടങ്ങളെന്തു തന്നെയായാലും വഹിച്ചു കൊള്ളാമെന്നും പഴയ ഉടമസ്ഥൻ കരുതൽ തുക തിരിച്ച് ആവശ്യപ്പെടുന്നപക്ഷം തുക അടക്കാൻ തയ്യാറാണെന്നും സമ്മതിച്ചുകൊണ്ടുള്ള ഒരു നഷ്ടോത്തരവാദ പത്രം പുതിയ ഉടമസ്ഥൻ ഒപ്പിട്ട് ഹാജരാക്കണം. |

സെക്ഷൻ ഓഫീസർ.